# ഔസേപ്പിന്റെ മക്കൾ

POORNA
SINCE 1966



ഔസേപ്പിന്റെ മക്കൾ

തകഴി

(മലയാളം നോവൽ)

© 2020 Poorna Publications, Kozhikode

Published by Poorna Publications, Kozhikode .

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: ഔസേപ്പിന്റെ മക്കൾ, തകഴിയുടെ നോവൽ by Poorna Publications.

# ഔസേപ്പിന്റെ മക്കൾ

ദേവസ്യയെ പഠിപ്പിച്ചതു ചാക്കോ ആണ്. അതിൽ താത്പര്യമുണ്ടായിരുന്നതു പാപ്പിക്കും ഒറോതയ്ക്കുമായിരുന്നെങ്കിലും അവർക്കതിനു കഴിവില്ലായിരുന്നു. കൂട്ടത്തിൽ ആരോഗ്യമില്ലാത്ത ഒന്നായിരുന്നു ദേവസ്യ. മുട്ടം വെട്ടാനും വള്ളം ഊന്നാനും അവനു കെല്പില്ല. അപ്പോൾ നാലക്ഷരം പഠിപ്പിച്ചാൽ അവൻ അവന്റെ പാടുനോക്കി പിഴച്ചോളും. ചാക്കോ സ്വന്തമായി വള്ളത്തിൽ കിഴക്കോട്ടു കച്ചവടം തുടങ്ങിയ കാലമാണത്. പാപ്പിയുടെയും ഒറോതയുടെയും നിർദ്ദേശം അയാൾ സ്വീകരിച്ചു.

പഠിത്തം നിർത്തിയ ഉടൻ നീലമ്പേരൂർ പള്ളിവക പള്ളിക്കൂടത്തിൽ ദേവസ്യയ്ക്ക് ഒരു വാധ്യാരുജോലിയും കിട്ടി. അങ്ങനെ അവന്റേടം കഴിയാറായി എന്നു പാപ്പി ആശ്വസിച്ചു.

പള്ളിക്കടുത്ത് ഒരു വീട്ടിലാണ് ദേവസ്യ ഉണ്ടു

താമസിക്കുന്നത്. ചെലവു കഴിച്ചു മിച്ചമുള്ളത് അവൻ എല്ലാമാസവും ചേടത്തിയെ ഏല്പ്പിക്കും. നല്ല ഒരു ചെറുപ്പക്കാരൻ എന്ന നിലയിൽ അവനെ എല്ലാവർക്കും സമ്മതമായിരുന്നു. എന്നാലും ദേവസ്യ രഹസ്യമായി ഒരു പെണ്ണിനെ സ്നേഹിച്ചു പോയി - അയാൾ താമസിക്കുന്ന വീടിന്റെ അടുത്തവീട്ടിലെ ക്ലാരയെ. ക്ലാരമ്മയും ആ സ്കൂളിൽ അധ്യാപികയാണ്; അവൾ അയാളേയും. ആ സ്നേഹം ദൃഢതരമായിരുന്നു; പരസ്പരം നന്നായി അറിഞ്ഞുള്ളതായിരുന്നു; ആവേശ പൂർണ്ണവു മായിരുന്നു. അങ്ങനെ ഏതാനും കൊല്ലങ്ങൾ തന്നെ കഴിഞ്ഞു.

ഒരുനാൾ ദേവസ്യ ചോദിച്ചു:

"നമ്മളിങ്ങനെ കഴിഞ്ഞാൽ മതിയോ?"

അതുതന്നെയാണ് അവൾക്കും ചോദിക്കാനുള്ളത്. അവൾ പുഞ്ചിരിയോടെ തുടർന്നു ചോദിച്ചു:

"ഞാനെങ്ങനാ അപ്പനോട്ടു ചോദിക്കുന്നത് എന്നെ കല്ല്യാണം കഴിപ്പിക്കുന്നില്ല്യോ എന്ന്? പിന്നെ ഒരനുജത്തിയുണ്ടായിരുന്നെങ്കിൽ അവളെ എന്താ കല്യാണം കഴിപ്പിക്കാത്തതെന്നു ചോദിക്കാമായിരുന്നു." ആ നേരമ്പോക്കിൽ ഇരുവരും ചിരിച്ചു. ദേവസ്യയുടേയും വിഷമമതാണ്. അവനെങ്ങനെ ജ്യേഷ്ഠന്മാരോട് പറയും? അവനും അനുജനില്ല.

അവൻ പറഞ്ഞു:

"നമ്മളിങ്ങനെ നാണിച്ചിരുന്നു കിഴവനും കിഴവീമാകും."

ആ വാചകം സത്യത്തിൽ ക്ലാരയെ നാണിപ്പിച്ചു. അവളുടെ മുഖം താണുപോയി. അവൾ മൃദുലമായി പറഞ്ഞു:

"അപ്പോഴും ഈ ശരീരം മറ്റാരുടേമല്ല."

ദേവസ്യ ആ താടിപിടിച്ച മെല്ലെ ഉയർത്തി. അവൾ പിടഞ്ഞു മാറിയില്ല. പക്ഷേ പേടിയോടെ പറഞ്ഞു:

"അയ്യോ, വല്ലോരും കാണും." അടുത്തനാളിൽ ദേവസ്യയ്ക്ക് ആലപ്പുഴ നിന്നു ചാക്കോയുടെ കത്തുകിട്ടി: പെട്ടെന്ന് അവിടംവരെ ചെല്ലണമെന്ന്. അക്കാലത്തു ചാക്കോ ആലപ്പുഴ കച്ചവടം തുടങ്ങി ഭേദപ്പെട്ടു കഴിഞ്ഞിരുന്നു.

ദേവസ്യ പോകുംമുൻപ് ക്ലാരയെക്കണ്ടു. ആലപ്പുഴ നിന്ന് എഴുത്തു വന്ന വിവരം അവൾ അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. ഈ അവസരം അവരുടെ കാര്യങ്ങൾക്ക് ഒരു തീരുമാനമുണ്ടാക്കാൻ പ്രയോജനപ്പെടുത്തണമെന്നു ദേവസ്യയോടു പറയാൻ അവൾ ഉറച്ചിരിക്കുകയാണ്. അവൾ അതു പറഞ്ഞു. ദേവസ്യ നിസ്സഹായനായി പറഞ്ഞു:

"അതു ഞാനെങ്ങനാ ചേട്ടന്മാരോടു പറയുന്നേ? എനിക്കു മേല. എങ്ങനെ പറയണമെന്നു നീ പറ. അവരുടെ മുൻപിൽ നേരെ നിന്നു ഞാൻ വർത്തമാനം പറഞ്ഞിട്ടില്ല."

ഒരു ചിരിയോടെ ക്ലാര പറഞ്ഞു:

"എനിക്കു പെണ്ണു കെട്ടണമെന്നു പറയണം."

"അയ്യോ എനിക്കു മേല"

രണ്ടുപേരും ചിരിച്ചുപോയി.

"എന്നാ പെണ്ണുകെട്ടണ്ട."

"നിന്നെ കെട്ടാതെ എങ്ങനാ?"

ആ വാചകം ദേവസ്യയുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ

നിന്നു വന്നതാണ്. അവളെക്കൂടാതെ ഒരു ജീവിതം ദേവസ്യയ്ക്ക് ഓർക്കാൻ വയ്യ. ക്ലാര പറഞ്ഞു:

"ആലപ്പുഴയ്ക്കു പോയിട്ടു വരുമ്പം കാര്യം ഉറപ്പിച്ചുകൊണ്ടു വന്നില്ലെങ്കിൽ-"

അവൾ ഭീഷണിയെന്ന പോലെ നിർത്തി.

ദേവസ്യ ചോദിച്ചു:

"ഇല്ലെങ്കിൽ?"

"എനിക്കിങ്ങനെ ഒളിച്ചും പതുങ്ങീം പേടിച്ചും കാണാൻ നിന്നു തരാനൊക്കുകേല. പിന്നെ ഞാൻ മിണ്ടുകേല."

ദേവസ്യ പറഞ്ഞു:

"എന്നാൽ നിനക്കു നിന്റെ അപ്പനോടും അമ്മയോടും പറഞ്ഞാലെന്താ?"

"അതൊക്കുകേല. ചേടത്തിയെക്കുറിച്ചു പറയാറുണ്ടല്ലോ. വളർത്തിക്കൊണ്ടുവന്ന ചേടത്തി. അവരെക്കൊണ്ടു ചേട്ടന്മാരോടു പറയിക്കണം."

ദേവസ്യയ്ക്കു വയ്യ. ഒറോത ചേടത്തിയാണെങ്കിലും അമ്മയാണ്. ഒരമ്മയെപ്പോലെയേ അവരെ വിചാരിക്കുവാൻ അയാൾക്കു കഴിയുന്നുള്ളൂ.

"എനിക്കുമേല. ചേടത്തി എന്റെ അമ്മയാ. എനിക്കു പേടിയില്ലെന്നേയുള്ളൂ."

"എന്നാ വേണ്ട. എന്നും നോക്കി വെള്ളമിറക്കി കഴിഞ്ഞോ."

എങ്കിലും ദേവസ്യ പോകുമ്പോൾ, എന്തെങ്കിലും ഒരു

നടപടി നടത്തിപ്പോരണമെന്ന് അവൾ പറഞ്ഞു. ദേവസ്യയുടെ ബുദ്ധിയിൽ അപ്പോൾ ഒരു കാര്യം എങ്ങനെയോ പൊന്തിവന്നു. അത് അപ്പോൾ മാത്രമുണ്ടായതാണ്. അത് അയാൾ ഓർത്തിരുന്നതുമല്ല. ഏതു വിധം അതുണ്ടായി എന്നും അറിഞ്ഞുകൂട. അയാൾ ചോദിച്ചു:

"ചേട്ടന്മാരും ചേടത്തിയും കൂടെ എനിക്ക് ഒരു കല്ല്യാണം ഒറപ്പിച്ചിട്ട് എന്നെ വിളിക്കുകയാണെങ്കിലോ?"

ക്ലാര സ്തംഭിച്ചില്ല എന്നു പറയാൻ വയ്യ. പെട്ടെന്ന് ഒരു നിമിഷത്തേക്ക് അവളുടെ മുഖം വിളറി. അടുത്ത നിമിഷം അതൊരു വെറും നേരമ്പോക്കാണെന്നും അവൾക്കു തോന്നി. എങ്കിലും അത് സംഭവിക്കാവുന്നതാണ്. അങ്ങനെയും വരും. ആ നില നിസ്സാരമാക്കിക്കൊണ്ടെന്നപോലെ ക്ലാര പറഞ്ഞു:

"എന്നാൽ കല്ല്യാണം ഒറപ്പിച്ചിട്ടു പോരണം."

ആ ചോദ്യം ചോദിക്കുമ്പോൾ സംഗതിയുടെ ഗൗരവം മുഴവൻ ദേവസ്യയുടെ മനസ്സിലില്ല. ഇപ്പോൾ അതിന്റെ നാനാവശവും അയാൾ ഓർത്തു. അങ്ങനെയാണെങ്കിൽ എന്തുചെയ്യും. ജ്യേഷ്ഠന്മാരോട് അത് സാധ്യമല്ല എന്നു പറയാൻ ദേവസ്യയ്ക്കു കരുത്തില്ല. അവരെ ദേവസ്യ ഒരിക്കലും ധിക്കരിക്കുകയില്ല. അപ്പോൾ അവർ ഒരു കല്ല്യാണം നിശ്ചയിച്ചാൽ അതു നടന്നുപോകുമോ?

ക്ലാരയും അതു തന്നെയാണ് ഓർക്കുന്നത്. ഉവ്വ്. അതു നടന്നു പോകും. ഈ പ്രേമബന്ധം തകരും. ഒരു യാഥാർത്ഥ്യത്തിന്റെ കരിനിഴൽ വീശിയെന്നപോലെ ഇരുവരുടെയും മുഖം വാടിക്കരിഞ്ഞു. ക്ലാരയുടെ

നാവുണങ്ങി; ചുണ്ടു കരുവാളിച്ചു. ദേവസ്യയ്ക്ക് ഒരു ശ്വാസം മുട്ടൽ അനുഭവപ്പെട്ടു. വികാര പൂർണ്ണമായ ആ പ്രേമത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ പ്രതിസന്ധിഘട്ടമായിരുന്നു അത്- അവരിരുവരുടേയും ജീവിതത്തിലെത്തന്നെയും. എത്രനേരം അവർ അങ്ങനെ നിന്നു എന്നറിഞ്ഞുകൂട. ക്ലാരയുടെ വരണ്ടുണങ്ങിയ നാവിൽ നിന്നാണ് പിന്നീടു ചില വാക്കുകൾ പറന്നത്.

“ചേട്ടന്മാരു പറഞ്ഞാൽ എന്നാ - ചെയ്യും?”

“ഞാനെന്നാ ചെയ്യണം?”

“കെ-കെട്ടണം. സുഖമായിരിക്കണം.”

“ക്ലാരമ്മയോ?”

“ഞാനിങ്ങനെ നിന്നോളാം - ഓർത്തോർത്ത്.”

ഇല്ല എന്നു ദേവസ്യ തല കുലുക്കി.

“ഞാൻ മറ്റൊരുത്തിയെ കെട്ടുന്നില്ല.”

യുക്തിവാദത്തിന്റെ ലേശം ആ കരിനിഴലിനെ തുടച്ചുമാറ്റി. അയാൾ ചോദിച്ചു:

“നമ്മളെന്തിനാ കാര്യമില്ലാതെ മനസ്സു പുണ്ണാക്കുന്നേ? അങ്ങനൊന്നും ഉണ്ടായില്ലല്ലോ”

എങ്കിലും ക്ലാരയ്ക്ക് ഒരു പേടി. അതും നടക്കാം. ജ്യേഷ്ഠന്മാർ പറഞ്ഞാൽ ദേവസ്യ മറിച്ചു പ്രവർത്തിക്കുകയില്ല. അതിനയാൾക്കു ശക്തിയില്ല. മനസ്സില്ലാതാണെങ്കിലും അത് ചെയ്ത് പോകും. അതവൾക്കറിയാം. കേവലം ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അവൾ അയാളുടെ മുഖത്ത് ഉറ്റുനോക്കിപ്പറഞ്ഞു:

“എനിക്കു പേടിയാ.”

അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

ആ ഭാവവും നോട്ടവും ആശ്വാസം ആവശ്യപ്പെടുകയാണ്.

ദേവസ്യ പരിസരവും തന്നെത്തന്നെയും മറന്നു. ആരെങ്കിലും കാണുന്നുണ്ടോ എന്നുതന്നെയും അയാൾ നോക്കിയില്ല. കണ്ടാലുള്ള ഭവിഷ്യത്തിനെക്കുറിച്ചും ഓർത്തില്ല. താൻ ചെയ്യാൻ പോകുന്നതു തെറ്റാണെന്നും അയാളുടെ ധർമ്മബോധം ഉപദേശിച്ചില്ല. അയാൾ അവളുടെ കഴുത്തിൽ കരം ചുറ്റി അവളെ ചേർത്തുപിടിച്ചു.അവൾ നിന്നുകൊടുത്തു. എന്നിട്ട് ആ കണ്ണുനീർ തുടച്ച് അവളുടെ നെറ്റിയിൽ മുത്തിക്കൊണ്ട് അയാൾ പറഞ്ഞു:

“എന്റെ ഓമന പേടിക്കാതെ, ഞാൻ മറ്റൊരു പെണ്ണിനെ കെട്ടുകയില്ല.”

അവൾ തല ഉയർത്തി അയാളുടെ മുഖത്ത് ഉറ്റുനോക്കി. അങ്ങനെ ആ കാമുകീകാമുകന്മാർ ആദ്യമായി ഒരാലിംഗനത്തിൽ യോജിച്ചു.

അവർക്കു പിരിയാൻ മനസ്സില്ല.

ദേവസ്യ അവളോട് ആവശ്യപ്പെട്ടു:

“എന്നെ വിട്.”

ബോട്ടിന് സമയമാകുന്നു. ആ ആലിംഗനത്തിൽ നിന്നു പരസ്പരം മോചിതരായപ്പോൾ ദേവസ്യ വീണ്ടും ആശ്വസിപ്പിച്ചു:

“മനസ്സു പുണ്ണാക്കാതെ. അതൊന്നും നടക്കുകയില്ല.

പ്രാർത്ഥിക്ക്. മാതാവിനോട് പ്രാർത്ഥിക്ക്. നമ്മുടെ പ്രാർത്ഥന മാതാവു കൈക്കൊള്ളും."

ക്ലാര മാതാവിനോടു പ്രാർത്ഥിച്ചു. എന്നല്ല, പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു.

ആലപ്പുഴയുള്ള ചാക്കോയുടെ വീട്ടിൽ പാപ്പിയും ഒറോതയും എത്തിയിട്ടുണ്ട്. അവരിരുവരും ഗേറ്റിങ്കൽ ദേവസ്യയെ കാത്തു നില്ക്കുകയാണ്. എന്തോ വിശേഷമുണ്ടെന്നു ദേവസ്യയ്ക്കു മനസ്സിലായി.

ഒറോത പ്രകാശമേറിയ ഒരു ചിരിയോടെ ഇറങ്ങിച്ചെന്നു ദേവസ്യയെ വാരിപ്പിടിച്ചു. ആ സ്ത്രീ സത്യത്തിൽ ദേവസ്യയുടെ അമ്മ തന്നെയല്ലേ? വയറ്റിൽ ഇടം കൊടുത്തിട്ടില്ല എന്നല്ലേയുള്ളു. പാപ്പിയുടെ പെമ്പിളയായി ആ വീട്ടിൽ വന്നതുതന്നെ ദേവസ്യയെ വളർത്തുവാനാണ്. വന്നുകയറിയ അന്ന് ഒൻപതുമാസം പ്രായമുള്ള ആ കുഞ്ഞിനെ ഒറോത ഒക്കത്തേറ്റിയതാണ്. അവൻ വളർന്നു പുരുഷനായിക്കണ്ടപ്പോഴത്തെ കൃതകൃത്യതയാണ് ആ പ്രകാശമേറിയ നിഷ്കളങ്കച്ചിരിയിൽ കണ്ടത്. ദേവസ്യയ്ക്കും മറ്റാരുണ്ട്? അവർ ഒരമ്മതന്നെയായിരുന്നു.

ഒറോത ഒരു നൂറുതവണ അവനെ തലോടി. അങ്ങനെ അമ്മയും മകനും നില്ക്കുന്നതു സംതൃപ്തിയോടെ പാപ്പി നോക്കിനിന്നു.

ഒറോത പാപ്പിയോടു പറഞ്ഞു: "എന്റെ കുഞ്ഞിന് എന്തൊക്കെപ്പറഞ്ഞാലും, ഒരു ക്ഷീണമാ."

പാപ്പിയും അതു സമ്മതിച്ചു. പക്ഷേ ദേവസ്യ

താമസിക്കുന്ന വീട്ടുകാർ നല്ലവരാണ്; അവിടത്തെ താമസവും സുഖമാണ്. ഒറോത പറഞ്ഞു:

“കഞ്ഞീം ഉപ്പും മുളകുമേ കാണത്തൊള്ളെങ്കിലും പത്തു ദിവസം എന്റെ കുഞ്ഞ് എന്റെ കൂടെ നിക്കട്ടെ. ഞാൻ കാണിച്ചുതരാം.”

പാപ്പി പുരിപ്പിച്ചു.

“അതവനെ നീ നോക്കുന്നപോലെ മറ്റാരാനും നോക്കുമോ?”

മുറ്റത്തെത്തിയപ്പോൾ പുരയുടെ വാതിൽക്കൽ ചാക്കോയും ത്രേസ്യയുമെത്തി. ചാക്കോ ചോദിച്ചു:

“അവധിയെടുത്തോണ്ടാണോടാ പോന്നത്?”

“അതേ.”

“എത്ര ദെവസത്തെ?”

“ഇന്നത്തെ മാത്രം.”

ഒറോത ചോദിച്ചു:

“മോൻ കാപ്പി കുടിച്ചോ?”

പാപ്പിയാണുത്തരം പറഞ്ഞത്:

“കാണത്തില്ല, അല്ല്യോടാ?”

“ഇല്ല.”

ഒറോത അവനെ അടുക്കളയിലേക്കു തോളിൽ കൈയിട്ടു കൂട്ടിക്കൊണ്ടുപോയി. പിന്നാലെ ത്രേസ്യയുമുണ്ട്.

ദേവസ്യ കാപ്പി കുടിച്ചുകൊണ്ടിരിക്കുന്നു. ഒറോത

അടുത്തിരുന്നു.കാപ്പി കുടിപ്പിക്കുന്നു. ത്രേസ്യയും അടുത്തിരിക്കുകയാണ്. ദേവസ്യ ചോദിച്ചു:

“എന്നതിനാ ചേടത്തി, എന്നെ എഴുത്തയച്ചു വരുത്തിയത്?”

ഒറോത പറഞ്ഞു:

“നിന്നെ ഒന്നു കാണാന്.”

ദേവസ്യ ചിരിച്ചുകൊണ്ടാണ് പറഞ്ഞത്:

“ഓ, അതിനല്ല. അച്ചാച്ചനും ചേടത്തിം തകഴീന്ന് എന്നുവന്നു?”

“ഞങ്ങളിന്നലെ വന്നു.”

“എന്നെ എഴുത്തയച്ചു വരുത്തി നിങ്ങളും വന്നു. ഏതാണ്ടോ കാര്യമുണ്ട്.”

ഒറോത പറഞ്ഞു:

“എന്റെ മോനു വല്ല്യ ഇഷ്ടമായിരിക്കുന്ന ഒരു കാര്യത്തിനാ. നമ്മടെ കുടുംബത്തിന്റെ നല്ലതിന്.”

എന്നിട്ട് ത്രേസ്യയോടായിട്ടു തുടർന്നു:

“ഞാൻ പറഞ്ഞിട്ടില്ല്യോ, ഞാനങ്ങനാ അവനെ വളർത്തിയത്.”

ത്രേസ്യ പറഞ്ഞു:

“എന്നെ അവിടെ കെട്ടിക്കൊണ്ടുവരുമ്പം ഞാൻ കണ്ടിട്ടൊള്ളതല്ല്യോ?”

ഒറോത ഒരു കഥ പറയാൻ തുടങ്ങി. ആ കഥ

ആയിരാമത്തെ പ്രാവശ്യമാണ് ഒറോത ത്രേസ്യയോടു പറയുന്നത്:

“അപ്പൻ മരിച്ച ശവമടക്കുകഴിഞ്ഞു രാത്രീല്- ഇങ്ങനെ ഒരു രാത്രി ഒണ്ടായിട്ടില്ല- കൊച്ചിനു തൊടങ്ങി ഒരു പനി. തൊട്ടാൽ പൊള്ളും. അങ്ങനെ ചൂട്. ചത്തപോലെ കൊച്ചു കെടക്കുവാ. അന്ത്യകൂദാശ കൈക്കൊള്ളാതെ ചത്ത ആത്മാവ് കൊച്ചുമോനെ കാണാൻ വന്നതാ. അപ്പനു ചാകാൻ നേരത്ത് ഓർമ്മ കൊച്ചുമോനെക്കുറിച്ചായിരുന്നു. ഞാൻ അങ്ങു മാതാവിനെ വിളിച്ചു. അല്ലാണ്ടാരെ വിളിക്കാനാ? അന്നു മുതല് എന്റെ കൂടെ ഞാൻ കണിശത്തിനു കൊച്ചിനെ ഇരുത്തി പ്രാർത്ഥിപ്പിക്കും. നാലു വയസ്സില് എല്ലാ പ്രാർത്ഥനേം അവനറിയാമായിരുന്നു.”

ജ്യേഷ്ഠത്തിയും അനുജത്തിയും കൂടി ഇങ്ങനെ സംസാരിക്കുമ്പോൾ കാര്യമെന്തെന്നറിയാതെ ദേവസ്യയുടെ മനസ്സു നീറുകയാണ്.അതു കല്യാണക്കാര്യമാണോ? ആണെങ്കിൽ എങ്ങനെ അതിനെ നേരിടണം? എവിടെയോ എന്തോ കെണിയുണ്ടെന്നുള്ളതു തീർച്ചയാണ്.

കേവലം നിരുന്മേഷനായി കാപ്പികുടി കഴിഞ്ഞു ദേവസ്യ ജ്യേഷ്ഠന്മാരിരിക്കുന്നിടത്തേക്കു ചെന്നു. അപ്പോഴേക്കും ഒറോതയും പിന്നാലെ ത്രേസ്യയും എത്തി. സ്വല്പനേരത്തേക്ക് ഒരു മൗനം അവിടെ കളിയാടി. എന്തോ ഒന്നു സംഭവിക്കാൻ പോകുന്നു എന്ന് ദേവസ്യയ്ക്കു തോന്നി. അങ്ങു നീലമ്പേരൂരിൽ ക്ലാര തീർച്ചയായും അവരുടെ പ്രേമത്തിന്റെ സാഫല്യത്തിനുവേണ്ടി ആ ദിവ്യജനനിയോടു പ്രാർത്ഥിക്കുകയായിരിക്കും. ആ

കരുണാനിധി അവളുടെ പ്രാർത്ഥന കൈക്കൊള്ളുകയില്ലേ? ഉവ്വ്. തീർച്ചയായും. അതാണ് ദേവസ്യയുടെ ആശ്വാസം. അയാൾക്കു കരുത്തുണ്ടാകുവാൻ അവൾ പ്രാർത്ഥിക്കുന്നുണ്ട്.

പാപ്പി ആ നിശ്ശബ്ദതയെ ഭഞ്ജിച്ചു. അയാൾ ചോദിച്ചു:

"ദേവസ്യായേ, നിന്നെ എഴുത്തയച്ചു വരുത്തിയതെന്തിനാന്ന് അറിഞ്ഞോ?"

ഒരു യന്ത്രത്തെപ്പോലെ ദേവസ്യ പറഞ്ഞു

"ഇല്ല"

"ഒറോത പറഞ്ഞില്ല്യോ?"

"ഞാനാണോ പറേണ്ടത്?"

പാപ്പി പറഞ്ഞു:

"പിന്നല്ലാണ്ടാരാ? നീയല്ലാതവനാരാ ഉള്ളത്?"

ഒറോത ആ വസ്തുതയെ അംഗീകരിച്ചുകൊണ്ടു പറഞ്ഞു:

"ഇതൊക്കെപ്പറേണ്ടതു കുടുംബത്തിലെ കാർന്നോരാ."

പാപ്പി പറഞ്ഞു:

"അതു ഞാൻ തന്നെ പറയാം. ചീത്ത കാര്യമല്ലല്ലോ; അതിന്റെ പുണ്യോം എനിക്കിരിക്കട്ടെ."

പാപ്പി തുടർന്നു:

"ദേവസ്യാ, നമുക്കു കുടുമ്മോം അന്തസ്സും അവസ്ഥേം ഒന്നുമില്ല. നമ്മളാരാന്നു നെനക്കറിയാമോ?"

ദേവസ്യ ഒന്നും മിണ്ടിയില്ല. മിണ്ടാൻ വയ്യായിരുന്നു.

അയാളുടെ നാവ് വരണ്ട്, ചെവി കൊട്ടിയടച്ച് നില്ക്കുകയാണ്.

ദേവസ്യയുടെ ഉത്തരം ലഭിക്കാതെതന്നെ പറഞ്ഞു:

"നമ്മള് മണ്ണാന്മാരു മാർക്കം കൂടിയതാ. അപ്പനന്നു മൂന്നുവയസ്സേയൊള്ളൂ, നെനക്കറിയാമോടാ?"

യന്ത്രത്തെപ്പോലെ ദേവസ്യ പറഞ്ഞു:

"അറിയാം"

പാപ്പി തുടരുകയാണ്:

"എന്നാല് ദൈവം തമ്പുരാൻ കനിഞ്ഞു നമക്കിപ്പം സ്വല്പം നല്ല ഒരു കാലം വന്നിരിക്കുവാ. ഇപ്പം ചാക്കോയ്ക്കാണെങ്കില് ഈ നാട്ടില് നല്ലൊരു വെലേം നെലേം ഒണ്ട്. നീയും വാധ്യാരായി. നമ്മടെ നെല ഒന്നു നന്നാക്കിയാല് കുടുമ്മത്തിലിനീം ഒണ്ടാകുന്ന പിള്ളാർക്ക് ഒരു നെലേം വെലേം അന്തസ്സും അവസ്ഥേം ഒണ്ടാകും. അതിനാ നിന്നെ എഴുത്തയച്ച് വരുത്തിയത്."

ദേവസ്യയ്ക്ക് ഒന്നും മനസ്സിലായില്ല. പാപ്പിയുടെ ഉദ്ദേശ്യം വിശദമായില്ല. അതെന്താണെന്ന് അയാൾക്കു ചോദിക്കാൻ കഴിഞ്ഞില്ല. അതിനു ധൈര്യമില്ല. ബുദ്ധിയില്ല. അയാൾ വിളറി വെളുത്തു നില്ക്കുകയാണ്.

ഒറോത കയറിപ്പറഞ്ഞു:

"ആ കാര്യം അങ്ങ് അവനോട് വളച്ചുകെട്ടാതെ പറയാല്ലോ. അവനെ ഞാനാ വളർത്തിയത്. ശരിക്കു ദൈവവിശ്വാസമൊള്ളോനായിട്ടാ വളർത്തിയത്. അവനതു ഇഷ്ടോമാരിക്കും. പിന്നെന്തിനാ ഈ വളച്ചുകെട്ട്?"

പാപ്പിക്കു ദേഷ്യംവന്നു. അയാൾ ഭാര്യയോട് കയർത്തു;

“ഹാ, പോ ചൂലേ! എന്നാലും കാര്യം പറയണ്ടായോ? അവൻ വാധ്യാരാ. അവനു കാര്യമറിയാം. എന്നാ നിനക്കങ്ങു പറഞ്ഞേക്കരുതാരുന്നോ?”

ഒറോത ചൊടിച്ചു:

“എനിക്കെന്താ പറഞ്ഞാല്? നാണംകെട്ട കാര്യമൊന്നുമല്ല. ആരോടും പറയാവുന്നതാ. പുണ്യമുള്ള കാര്യമാ ഞാമ്പറയാം. ഞാൻ വരുമ്പം ഒൻപതുമാസം പ്രായമുള്ള കൊച്ചാ ദേവസ്യ. ഞാനാ വളർത്തിയതും.”

എന്നിട്ട് ഒറോത ദേവസ്യയോംഏട്ടു തിരിഞ്ഞു പറഞ്ഞു:

“എന്റെ മോനെ, ഞാമ്പറയാം. ചാക്കോ മെത്രാനച്ചനെക്കൊണ്ട് അനുവാദം മേടിച്ചു വെച്ചിരിക്കുവാ നിന്നെ പട്ടത്തിനയക്കാൻ. അതാ കാര്യം.”

അടുത്തുള്ള പള്ളിയിൽ നിന്നു ‘ണോം ണോം’ എന്നു വിരാമമില്ലാതെയുള്ള മണിനാദം ഉയർന്നു. ദേവസ്യയുടെ കണ്ണുകളിൽ ഇരുട്ടുകയറി. എന്നാലും ആ മണിനാദം കർണ്ണപുടങ്ങളിൽച്ചെന്നലച്ചുകൊണ്ടിരുന്നു.

പിന്നീടു കണ്ണിലെ ഇരുട്ടു ക്രമമായി നീങ്ങിയപ്പോൾ നേരെ എതിരെ മുൾക്കിരീടവും ശിരസ്സിൽ വഹിച്ചു തോളിൽ ഭാരമേറിയ കുരിശും വഹിച്ചു ചാട്ടകൊണ്ടുള്ള അടിയേറ്റ് ഉരുണ്ടും വീണും പിടഞ്ഞെഴുന്നേറ്റും കാൽവരിയിലേക്കുള്ള നീണ്ട പാതയിൽ വലിഞ്ഞിഴയുന്ന ദിവ്യരക്ഷകന്റെ ചിത്രമാണ് ദേവസ്യയുടെ കണ്ണിൻമുൻപിൽ കണ്ടത്. മനോമുകരത്തിൽ പാവപ്പെട്ട ഒരു പെണ്ണു കരൾ തകർന്നു ദിവ്യമാതാവിന്റെ മുൻപിൽ മുട്ടു കുത്തി നിന്നു കുരിശു വരച്ചു

പ്രാർത്ഥിക്കുന്നു. ചാക്കോയും ത്രേസ്യയും എന്തൊക്കെയോ വിരാമമില്ലാതെ പറയുന്നുണ്ട്. മാർക്കം കൂടിയ മണ്ണാന്റെ സന്തതിക്കു പട്ടക്കാരനാവാൻ സാധിക്കാത്ത സാഹചര്യത്തെക്കുറിച്ച്, മെത്രാനച്ചന്റെ അനുവാദം കിട്ടാൻ വേണ്ടി ചെയ്ത ശ്രമങ്ങൾ, അതിനു ചെലവാക്കേണ്ടിവന്ന സംഖ്യ, ഇടവക വികാരി ശുപാർശചെയ്യാമെന്നു സമ്മതിച്ച സാഹചര്യം-ഇങ്ങനെ നൂറു കാര്യങ്ങളെക്കുറിച്ചു ചാക്കോയും ത്രേസ്യയും പ്രസംഗിക്കുകയാണ്. കൗതുകത്തോടെ പാവം ഒറോത അതു കേൾക്കുന്നു. പാപ്പി അതുകേട്ട് അഭിമാനപുളകിതനാകുന്നു. ദേവസ്യയ്ക്ക് ആ പ്രസംഗധോരണി മനസ്സിലാകുന്നേയില്ല.

ഒരു പക്ഷേ, ദേവസ്യയുടെ കരളിനകം കണ്ടിരുന്നെങ്കിൽ ഒറോത ഈ കാര്യത്തെ എതിർക്കുമായിരുന്നു. ആ പാവപ്പെട്ട സ്ത്രീ അമ്മയാണ്. അവരതറിഞ്ഞില്ല. അവരെ ദേവസ്യ അറിയിച്ചില്ല. അറിയിക്കാൻ അവനു കഴിവില്ല. ദേവസ്യ ഒരു പെണ്ണിനെ സ്നേഹിച്ചുപോയി. അവനെ വളർത്തിയ ചേടത്തിയുടെയും ചേട്ടന്മാരുടെയും ആരുടെയും അനുവാദം കൂടാതെ. തന്നെയോ? ദൈവത്തിനുവേണ്ടി ജീവിതം സമർപ്പിക്കപ്പെട്ടുവാൻ ആഹ്വാനിക്കപ്പെട്ടുകയുമല്ലേ?

ഒരു ശബ്ദം ഇടിനാദം പോലെ അവൻ കേട്ടു:

പട്ടത്തിനയക്കാൻ വേണ്ട പണം ഞാൻ ചെലവുചെയ്യാം.

അതു ചാക്കോ പറഞ്ഞതാണ്. ത്രേസ്യ അതേറ്റു പറഞ്ഞു.

പാപ്പിയുടെയും ഒറോതയുടെയും മുഖം അത്രയും പ്രകാശിച്ച ഒരവസരമുണ്ടായിട്ടില്ല.

*  *  *

നീലംപേരൂർ പള്ളിമുറ്റത്തുടെ ബുദ്ധിയും ആത്മാവും ജീവചൈതന്യവും ഇല്ലാത്ത ഒരു മനുഷ്യരൂപം നടന്നുപോകുന്നതു ക്ലാര കണ്ടു. അതു ദേവസ്യയാണ്. അവളുടെ ദേവസ്യ. ആലപ്പുഴനിന്നു വരുന്ന ദേവസ്യ. അന്നു രാത്രിയിൽ ക്ലാര തന്റെ മുറിയുടെ കിളിവാതിൽപോലുള്ള ജനൽ തുറന്നിട്ടുകൊണ്ട് ആർക്കുവേണ്ടിയോ കാത്ത് ഉറങ്ങാതെ കിടന്നു. അങ്ങനെ ഒരു കാര്യം മുമ്പുണ്ടായിട്ടില്ല. അവൾ ആ രാത്രിക്കുമുൻപ് ഒരു രാത്രിയിലും ആർക്കുവേണ്ടിയും ഉറങ്ങാതെ ജനൽ തുറന്നിട്ടു കിടന്നിട്ടില്ല. അന്നവൾ അങ്ങനെ കിടന്നത്, തലേന്റെ തലേന്നാൾ ഒരു പുരുഷൻ അവളെ ആലിംഗനം ചെയ്തതു കൊണ്ടാണ്;മുത്തിയതുകൊണ്ടാണ്;അതിനെല്ലാം ഒരു പുരുഷന് അവൾ അനുവാദം നല്കി.

ആരെ അവൾ കാത്തിരുന്നോ ആ പുരുഷൻ വന്നില്ല.

പിറ്റേന്ന് സ്കൂളിൽവെച്ച് ക്ലാര ദേവസ്യയെ കണ്ടു. അയാൾ വന്നതു പത്തുമണിക്കു സ്കൂൾ തുടങ്ങുന്ന സമയത്താണ്. ദേവസ്യ പഠിപ്പിക്കുന്നതു ക്ലാര കണ്ടു. അവൾ പഠിപ്പിക്കുന്നത് അയാളും. നാലുമണിക്ക് വിടുംമുൻപേ ദേവസ്യ സ്കൂളിൽ നിന്നുപോയി.

അന്നും ക്ലാര ജനൽ തുറന്നിട്ട് ആരെയോ കാത്ത് ഉറങ്ങാതെ കിടന്നു.

പക്ഷേ, അങ്ങനെ കാണാതെ കാര്യം പറയാതെ എന്നാളും കഴിയാനൊക്കുമോ? ദേവസ്യയെ ക്ലാര കണ്ടു;

ക്ലാരയെ ദേവസ്യയും കണ്ടു. അവർ സംസാരിച്ചു. അയാൾ പറഞ്ഞു:

“എനിക്കു യാതൊരു കല്യാണാലോചനയുമില്ല. ഞാൻ ഒരു പെണ്ണിനെയും കെട്ടുന്നുമില്ല.”

ക്ലാരയ്ക്ക് ഒന്നും വെളിവായില്ല. അവൾ വായ്പൊളിച്ചു നിന്നുപോയതേയുള്ളൂ. കരൾപൊട്ടി ആ യാഥാർത്ഥ്യം ദേവസ്യ അവളുടെ മുമ്പിൽവെച്ചു:

“ക്ലാരാ, എന്റെ ജീവിതേശ്വരീ! മണ്ണാൻ മാർക്കം കൂടിയവന്റെ കുടുംബത്തിൽ ഒരു പട്ടക്കാരനുണ്ടാവാൻ നീ അനുവദിക്കുകയില്ലേ?”

⋆ ⋆ ⋆

ദേവസ്യസാർ പട്ടത്തിനുപോകുന്നു. ആ വാർത്ത നീലംപേരൂരിൽ എല്ലായിടത്തുമറിഞ്ഞു. നല്ലൊരു ചെറുപ്പക്കാരൻ. അങ്ങനെയുള്ളവരാണ് പട്ടക്കാരാകേണ്ടത്. സ്വഭാവഗുണവും ഈശ്വരഭക്തിയും പ്രായത്തിൽ കവിഞ്ഞ പരിപാകതയുമുണ്ട്. ഒരാൾക്കും ഒരൊറ്റകുറ്റം ദേവസ്യയെ ചൂണ്ടി പറയുവാനുണ്ടായിരുന്നില്ല.

പട്ടത്തിനു പഠിക്കാൻ പോകാനുള്ള എല്ലാ നടപടികളും പൂർത്തിയായി. പള്ളിക്കൂടത്തിൽ നിന്നു പിരിഞ്ഞുപോകണം. അത്രയുമേയുള്ളൂ. നാട്ടുകാരും പള്ളിക്കാരും ചേർന്ന് ഒരു യാത്രയയപ്പ ദേവസ്യയ്ക്കു നല്കുവാൻ തീർച്ചപ്പെടുത്തി. ഒരു പൊതുയോഗമുണ്ട്. ആ പൊതുയോഗത്തിന്റെ അധ്യക്ഷൻ സ്ഥലത്തെ വികാരിയച്ചനാണ്. അദ്ദേഹം സ്കൂൾ മാനേജരുമാണ്.

നാട്ടുകാരും കുട്ടികളും സമ്മേളിച്ച ആ യോഗത്തിൽ വിളറിയ ഒരു ദേവസ്യയാണ് മറുപടി പ്രസംഗം നടത്തിയത്. അന്നു പതിവിലേറെ ഉടുത്തൊരുങ്ങി ക്ലാരസ്സാറും വന്നിരുന്നു.

അങ്ങനെ അന്നു നാലു മണിയോടെ ദേവസ്യയ്ക്ക് ആ സ്കൂളുമായുള്ള ബന്ധം വേർപെട്ടു. പിറ്റേന്ന് അയാൾ നീലംപേരൂർ വിടുകയാണ്. പരിചയക്കാരായ ഓരോരുത്തരും യാത്ര പറഞ്ഞു പിരിഞ്ഞു. ഒരാളോടാണ് ദേവസ്യയ്ക്ക് യാത്ര പറയുവാനുള്ളത്. ക്ലാരയോട്. അവൾ എല്ലാവരും പിരിയുവാൻ വേണ്ടി കാത്തുനില്ക്കുകയാണ്.

ആ യുവതി അത്രമേൽ സുന്ദരിയാണെന്ന് ഒരിക്കലും ദേവസ്യയ്ക്ക് തോന്നിയിട്ടില്ല. അവൾ നേരെ നടന്നുവന്ന് ഒരു പൊതി ദേവസ്യയുടെ കൈയിൽ കൊടുത്തിട്ടു തിരിഞ്ഞു നടന്നു. അപ്പോൾ അവിടെ ആരുമില്ല. ദേവസ്യ അവളെ വിളിച്ചു:

“ക്ലാരാ.”

അവൾ ഒന്നു തിരിഞ്ഞുനോക്കിയിട്ടു നടന്നു.

ആ പൊതിക്കുള്ളിൽ നാലു കൈലേസുകളാണ്. ഒരക്ഷരവും അതിൽ നെയ്ത്ത് എഴുതിയിട്ടില്ല. പക്ഷേ, കോണോടുകോണായി ഒരു വലിയ കുരിശു ചുവന്ന നൂലിൽ തുന്നിച്ചേർത്തിട്ടുണ്ട്. അതാണ് അവളുടെ സമ്മാനം.

നേരം പാതിരാ കഴിഞ്ഞിരിക്കുന്നു. ലോകമാകെ സുഖനിദ്രയിൽ മുഴുകിയിരിക്കുകയാണ്. വളരെ ദിവസങ്ങളായി ദേവസ്യ ഉറങ്ങിയിട്ട്. അന്നും അയാൾക്ക് ഉറക്കം വന്നില്ല.ഇനി ഒരിക്കലും ഉറക്കത്തിന്റെ സുഖം

അനുഭവിക്കാൻ ഒക്കുകയില്ലേ? ഇല്ലായിരിക്കാം. അങ്ങനെ ഉറക്കം വരാത്ത മറ്റൊരു ജീവി കാണുമോ? ഉണ്ട് ക്ലാര. അവൾക്കും ഒരു പക്ഷേ, ഇനി ഉറങ്ങാനുള്ള ഭാഗ്യമില്ലായിരിക്കാം.

അവൾ ഒന്നും മിണ്ടാതെ പോയി. അവളോട് യാത്ര ചോദിച്ചില്ല. അവളോടല്ലേ, അവളോട്ടു മാത്രമല്ലേ, യഥാർത്ഥത്തിൽ യാത്ര ചോദിക്കേണ്ടതായുള്ളൂ. എന്നെന്നേയ്ക്കുമായി വിട്ടു പിരിയുന്നത് ക്ലാരയെയാണ്. ക്ലാരയെ മാത്രം.

⋆ ⋆ ⋆

ആ ചെറിയ ജനൽ അടച്ചിരുന്നില്ല. അതു തുറന്നു കിടക്കുകയാണ്. ദേവസ്യ അവിടെ ചെന്നുനിന്ന് അകത്തേക്കുനോക്കി. ആ ജനലിലൂടെ അവളും പ്രതീക്ഷയോടെ പുറത്തേക്കുനോക്കിയിരിക്കുന്നതുപോലെ തോന്നി. പുറത്തുനിന്നു ദേവസ്യ മന്ത്രിച്ചു:

“ക്ലാര എന്നെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നോ?”

“അല്ല. എന്നാലും ഇന്നുകൂടി ഈ ജനൽ തുറന്നിട്ടിരിക്കാമെന്നുവച്ചു.”

“ആ കതകൊന്നു തുറക്കു, ക്ലാരാ!”

അവൾ തെല്ലൊരു പരിഭ്രമത്തോടെ പറഞ്ഞു:

“അയ്യോ അതു ശരിയാണോ? ഒരു സ്ത്രീയുടെ കിടക്കമുറിയുടെ വാതിൽ ഇനി അങ്ങേക്കുവേണ്ടി തുറന്നുകൂട.”

“ഇന്ന് നിന്റെ ഉറക്കറയുടെ വാതിൽ എനിക്കുവേണ്ടി തുറക്കപ്പെടട്ടെ”

അല്പനേരത്തേക്ക് അവൾ ഒന്നും മിണ്ടിയില്ല. അഴികൾക്കിടയിലൂടെ കൈകൾ കടത്തി അയാൾ അവളുടെ കരം ഗ്രഹിച്ചു.

“കതകു തുറക്കു ക്ലാര?”

“അതു പാപമാണ്”

“അല്ല, അതു പാപമല്ല”

“ഇതു വിലക്കപ്പെട്ട കനിയാണ്.”

“അല്ല. നീ കതകു തുറക്കുകയില്ലേ?”

ദേവസ്യയുടെ കൈയാകെ തലോടിയിട്ട് അവൾ പറഞ്ഞു:

“എന്റെ കർത്താവേ, എന്തൊരു ചൂട്!”

എന്നിട്ടവൾ ദേവസ്യയോട് പറഞ്ഞു:

“അവിടന്ന് സാത്താന്റെ വഴിയിൽക്കൂടി പോവുകയാണ്.”

ഉടനതിനുത്തരമുണ്ടായി:

“അല്ല, ക്ലാരാ സ്നേഹത്തിന്റെ വഴി സാത്താന്റേതല്ല. നോക്ക്, ഈ ചൂട് ഒന്നാറട്ടെ!”

അവൾ ഒന്നുമറിഞ്ഞുകൂടാത്തവളെപ്പോലെ ചോദിച്ചു:

“അവിടത്തേക്കെന്തുവേണം?”

“എനിക്കോ? എനിക്കോ? എനിക്ക്- ക്ലാരാ, നീ ആ കതകു തുറക്കു”

അവളുടെ കരം അയാളുടെ കൈകൾക്കുള്ളിൽപ്പെട്ടു ഞെരിയുകയാണ്. പക്ഷേ, അതവളെ നൊമ്പരപ്പെടുത്തുന്നില്ല. സാവധാനമായി അയാളുടെ

പിടിവിടർത്തിയിട്ട് അവൾ എഴുന്നേറ്റു... ആ കതകു തുറക്കപ്പെട്ടു.

ദേവസ്യ തെറ്റുകാരനാണോ? ക്ലാരയെ കുറ്റപ്പെടുത്താമോ? അയാൾ ചെറുപ്പക്കാരനാണ്. അവളും ചെറുപ്പക്കാരിയാണ്. ചൂടുള്ള ചോര ചൂടുള്ള ചോരയുമായി ചേർന്നുപോകും. അതല്ലേ സൃഷ്ടിയുടെ വിശേഷം? ദേവസ്യ അറിഞ്ഞിരുന്നില്ല, വിചാരിച്ചിരുന്നില്ല, ഈ കനി വിലക്കപ്പെട്ടുമെന്ന്. എങ്കിൽ അയാൾ സ്നേഹിക്കുകയില്ലായിരുന്നു. അവളും സ്നേഹിക്കുകയില്ലായിരുന്നു. സ്രഷ്ടാവിന്റെ സ്നേഹത്തിന്റെ പാതയിലൂടെത്തന്നെ അവനും അവളും സഞ്ചരിച്ചു.

ഗാഢമായ ഒരാലിംഗനത്തിൽ, പരസ്പരം ആത്മാവിനെ ഊറ്റിക്കുടിക്കുന്ന അനുസ്യൂതമായ ചുംബനത്തിൽ ആ ശരീരങ്ങൾ യോജിച്ചു. ഇടയ്ക്കു കരൾ ചുട്ടു ക്ലാര പ്രാർത്ഥിക്കുന്നതു കേൾക്കായി:

“എന്റെ മാതാവേ, എന്നെ പൊറുക്കേണമേ!”

ദേവസ്യയ്ക്കു മാപ്പു ചോദിക്കാനില്ലെന്നു തോന്നുന്നു.

ഗാഢമായ ആലിംഗനത്തിൽ, അവളുടെ ശരീരത്തോടൊട്ടിച്ചേർന്ന്, മുഖത്തോടുമുഖം ചേർത്തു കിടക്കുന്ന ദേവസ്യയുടെ ചെവിക്കുള്ളിൽ ക്ലാര മന്ത്രിച്ചു:

“നശിച്ച സൂര്യൻ ഇപ്പം ഉദിക്കും.”

അങ്ങനെ ദേവസ്യയും ക്ലാരയും പ്രേമത്തിന്റെ മധുരിമയുള്ള കനി അനുഭവിച്ചു. അടുത്തെവിടെയോ ഒരു വീട്ടിലെ പുരപ്പുറത്തിരുന്നു പൂവൻ കോഴി ചിറകടിച്ചു കൂവി. അവർക്കു പിരിയാൻ സമയമായി.

ക്ലാര അയാളുടെ തോളിൽ ശിരസ്സുവെച്ച് മാറോട് ചേർന്നു കരയുകയാണ്. ദേവസ്യ അവളെ പുറം തലോടി ആശ്വസിപ്പിക്കുന്നു.

അയാൾ അവളുടെ ചെവിക്കുള്ളിൽ മന്ത്രിച്ചു:

"എന്റെ ജീവിതത്തിലെ ആദ്യത്തേതും അവസാനത്തേതുമായ മധുരാനുഭവം"

അവളും അതിനെ പൂരിപ്പിച്ചു:

"എന്റേതും"

⋆ ⋆ ⋆

പിറ്റേന്നു പട്ടത്തിനു പഠിക്കാനായി ദേവസ്യസാർ നീലംപേരൂർനിന്നു പോയി.

പൂർണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച തകഴിയുടെ 'ഔസേപ്പിന്റെ മക്കൾ' എന്ന നോവലിൽനിന്നെടുത്തത്.



തകഴി

# ഔസേപ്പിന്റെ മക്കൾ

നാല്പതു വർഷമായി തലമുറയിൽ നിന്ന്
തലമുറയിലേക്ക് മീൻവിറ്റുകഴിഞ്ഞ ഔസേപ്പുമാപ്പിള.
തോടിന്റെ വക്കത്തുള്ള വീട്ടുകാരികൾ അയാളുടെ
വരവിനുവേണ്ടി എന്നും കാത്തുനിന്നു.
ഒരിക്കൽ ആ പതിവു തെറ്റി.
അതോടെ ഔസേപ്പിന്റെ മനസ്സും ശരീരവും തളർന്നു.
പിന്നെ, ഔസേപ്പിന്റെ മക്കൾ...

₹ 195.00

നോവൽ

പൂർണ പബ്ലിക്കേഷൻസ്
കോഴിക്കോട്
POORNA
SINCE 1966 Online BookStore: www.tbsbook.com
കോഴിക്കോട് / കല്പറ്റ / തിരുവനന്തപുരം
ISBN 81-7180-522-1
/poornapublications